WISDOM
ISLAMIC ORGANIZATION
UCHARAKKADAVU UNIT

MASJIDUL HIKMA



മസ്ജിദുൽ ഹിക്മ

مَسْجِدُ الْحِكْمَةِ

Ucharakkadavu, Melattur P.O., Malappuram Dist., Kerala, India - 679 326

പടുത്തുയർത്താം നമുക്കൊരു ഉത്തമ തലമുറയെ

സ്വദഖത്തുൻ ജാരിയയിലേക്ക് നിങ്ങളുടെ കൈത്താങ്ങ്

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

പ്രിയ സഹോദരാ,

السَّلامُ عَلَيْكُم وَرَحْمَةُ اللهِ وَبَرَكَاتُهُ

നമ്മുടെ കൈവശമുള്ള സമ്പത്ത് ഒരുനാൾ നമ്മെ വിട്ടുപിരിയും. എന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച സമ്പത്ത് നമുക്ക് പരലോകത്തേക്കുള്ള നിക്ഷേപമായി ശേഷിക്കും.

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് മണ്ണാർക്കാട് റൂട്ടിൽ ഉച്ചാരക്കടവിൽ, തൗഹീദിന്റെ സന്ദേശവും ഖുർആനിക വിജ്ഞാനവും പകർന്നുനൽകുന്ന ഒരു സലഫി മസ്ജിദ് സ്ഥാപിക്കുന്ന മഹത്തായ സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. അൽഹംദുലില്ലാഹ്

ഇത് കേവലം ഒരു കെട്ടിടമല്ല; നമസ്കാരത്തിന്റെയും ഖുർആൻ പഠനത്തിന്റെയും ഇസ്‌ലാമിക വിജ്ഞാനത്തിന്റെയും ഒരു കേന്ദ്രമാണ്.

ഈ സംരംഭത്തിനായി ഏകദേശം 2 കോടി രൂപ ആവശ്യമുണ്ട്. ഈ മഹത്തായ നന്മയിൽ താങ്കൾക്കും ഒരു പങ്കാളിയാകാം. താങ്കൾ നൽകുന്ന ഓരോ രൂപയും ഒരു കല്ലായി ഈ ഭവനത്തിൽ ചേർന്നേക്കാം; ഒരു ബാങ്കുവിളിയായി ഉയർന്നേക്കാം; ഒരു നമസ്കാരമായി നിർവഹിക്കപ്പെട്ടേക്കാം; ഒരു അറിവായി പകർന്നേക്കാം. ഇന്ന് നൽകുന്ന നിങ്ങളുടെ കൈത്താങ്ങ്, നാളെ പരലോകത്ത് നിങ്ങളെ കാത്തിരിക്കുന്ന സ്വദഖത്തുൻ ജാരിയയാകട്ടെ.

അല്ലാഹുവിന്റെ ഭവനത്തിനായി... നിങ്ങളുടെ ഒരു കൈത്താങ്ങ്. സഹകരിക്കുക, പ്രാർത്ഥിക്കുക, ഈ നന്മയിൽ പങ്കാളിയാകുക. അല്ലാഹു നമ്മുടെ ദാനങ്ങൾ സ്വീകരിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ, ആമീൻ..



ഒരു ലക്ഷം രൂപയുടെ ഷെയർ പദ്ധതി

₹1,00,000 = 1 ഷെയർ

നമ്മുടെ മഹത്തായ സംരംഭത്തിന്റെ പൂർത്തീകരണത്തിനായി, ഓരോ കുടുംബത്തിനും അവരുടെ സൗകര്യത്തിനും ശേഷിക്കും അനുസരിച്ച് താഴെപ്പറയുന്ന രീതിയിൽ പങ്കാളികളാകാം:

₹10,000 ₹25,000 ₹50,000 ₹1,00,000

ചെറിയൊരു പങ്കാളിത്തം പോലും വലിയൊരു ലക്ഷ്യത്തിലേക്കുള്ള വലിയ ചുവടുവയ്പാണ്. ഒരു വർഷം കൊണ്ട് ലക്ഷ്യം പൂർത്തീകരിക്കാം. ഒരുമിച്ച് കൈകോർക്കാം, ഈ മഹത്തായ സംരംഭത്തിന്റെ ഭാഗമാകാം....

ഒരു കുടുംബത്തിന്റെ വിശപ്പ് സമൂഹത്തിന്റെ പ്രശ്നമാണ്. ഒരു കുട്ടിയുടെ വിദ്യാഭ്യാസമില്ലായ്മ സമൂഹത്തിന്റെ പ്രശ്നമാണ്. ഒരു വിധവയുടെ കണ്ണീർ സമൂഹത്തിന്റെ പ്രശ്നമാണ്. ഒരു ദരിദ്രന്റെ കടബാധ്യത സമൂഹത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് പള്ളികളും മഹല്ലുകളും വെറും ആരാധനാകേന്ദ്രങ്ങൾ മാത്രമാകരുത്. അവ ആശ്വാസത്തിന്റെ കേന്ദ്രങ്ങളുമാകണം.

മസ്ജിദ്, മദ്റസ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന മഹത്തായ ഒരു സംരംഭത്തിനായി, ഉച്ചാരക്കടവ് ജംഗ്ഷനിൽ ഏറെ വിലമതിപ്പുള്ള 50 സെന്റ് സ്ഥലം ഒരു സഹോദരൻ ഉദാരമായി നമ്മുടെ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രം പ്രതീക്ഷിച്ച് ഈ സ്ഥലം നൽകിയ അദ്ദേഹത്തിനും കുടുംബത്തിനും, മരണപ്പെട്ടുപോയ അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കും ഈ മഹത്തായ ത്യാഗത്തിന് തക്കതായ പ്രതിഫലം നൽകുകയും അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യട്ടെ, ആമീൻ.

വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി മണ്ണെടുത്ത് ഭൂമി നിരപ്പാക്കുന്ന പ്രവൃത്തികൾ ആരംഭിച്ചു . പള്ളിയുടെ നിർമാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് തുടങ്ങേണ്ടതുണ്ട്. തലമുറകൾക്ക് ഉപകാരപ്പെടുന്ന ഈ പദ്ധതിക്ക് വേണ്ടി നൽകുന്ന ഏതൊരു സഹായവും സ്വദഖത്തുൽ ജാരിയയായി മാറും.

ഒരു മസ്ജിദിന്റെ നിഴലും മദ്റസയുടെ അറിവും അതിലൂടെ വളരുന്ന തലമുറകളുടെ നന്മയും ഇതെല്ലാം ഒരാളുടെ ജീവിതത്തിന് ശേഷവും പ്രതിഫലം തുടർന്നുകൊണ്ടിരിക്കുന്ന നന്മകളായി മാറും. ഈ മഹത്തായ സംരംഭത്തിൽ നിങ്ങളാലാകുന്ന ഒരു വിഹിതം നൽകി സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

അല്ലാഹു നിങ്ങളുടെ സമ്പത്തിലും ജീവിതത്തിലും അനുഗ്രഹം ചൊരിയുകയും, നിങ്ങൾ നൽകുന്ന ഓരോ നന്മയും ഇഹലോകത്തും പരലോകത്തും നിങ്ങൾക്ക് ഉപകാരപ്രദമാക്കുകയും ചെയ്യട്ടെ, ആമീൻ.



> ആരെങ്കിലും
> അല്ലാഹുവിന് വേണ്ടി
> ഒരു പള്ളി നിർമ്മിച്ചാൽ
> സ്വർഗത്തിൽ അതുപോലുള്ളത്
> അല്ലാഹു അവന്
> നിർമ്മിച്ചു നൽകും.
>
> മുഹമ്മദ് നബി (സ്വ)



നമ്മുടെ സമ്പത്തിൽ നിന്ന് കുറയുന്നതല്ല, നമ്മുടെ ആഖിറത്തിനായി മാറ്റിവെക്കുന്നതാണ്.

മരണം ഒരുനാൾ നമ്മെ തേടിയെത്തും; നാം സമ്പാദിച്ചതും സ്വന്തമാക്കിയതുമെല്ലാം ഇവിടെ തന്നെ അവശേഷിക്കും. എന്നാൽ അല്ലാഹുവിന്റെ പ്രീതിക്കായി നാം ചെലവഴിച്ച സമ്പത്ത് നമ്മുടെ കൂടെ യാത്രയാകും. ഇന്ന് നമ്മുടെ കൈകളിലുള്ള ധനം നാളെയുടെ നന്മയ്ക്കായി മാറ്റിവെക്കാനുള്ള അവസരമാണ്. അല്ലാഹുവിന്റെ ഭവനമായ ഈ പള്ളിയുടെയും മദ്റസയുടെയും നിർമ്മാണത്തിനും പരിപാലനത്തിനും വികസനത്തിനും നാം നൽകുന്ന ഓരോ സംഭാവനയും ഒരു സാധാരണ സഹായമല്ല; നമ്മുടെ മരണാനന്തര ജീവിതത്തിലേക്കുള്ള ഒരു നിക്ഷേപമാണ്. നാം ഈ ലോകത്തോട് വിടപറഞ്ഞ ശേഷവും നന്മയുടെ വാതിലുകൾ തുറന്നുനിൽക്കട്ടെ. അതിനാൽ, കഴിയുന്നതനുസരിച്ച് മനസ്സറിഞ്ഞ് സംഭാവന ചെയ്യുക.



ഉദ്ദേശിക്കുന്ന പദ്ധതികളും സ്ഥാപനങ്ങളും

هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD

مدرسة الحكمة السلفية

അൽ ഹിക്മ സലഫി മദ്റസ

പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിച്ചുവരുന്ന നമ്മുടെ മദ്റസയെ കൂടുതൽ വിപുലമായ സൗകര്യങ്ങളോടും മികച്ച അധ്യാപന സംവിധാനങ്ങളോടും കൂടി പുതിയ സ്ഥാപനത്തിലേക്ക് ഉയർത്തുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. നമ്മുടെ മക്കൾക്ക് ശരിയായ തൗഹീദും അടിസ്ഥാന മതവിജ്ഞാനവും ഉത്തമ ജീവിതമൂല്യങ്ങളും കൂടുതൽ ഫലപ്രദമായി പകർന്നുനൽകി, വിശ്വാസത്തിലും ജീവിതത്തിലും ഉത്തമ തലമുറയെ വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ ദൗത്യം.

QURAN AND HADITH LEARNING SCHOOL

വിജ്ഞാനവേദി

ഉച്ചാരക്കടവ് സലഫി മദ്റസ ഹാളിൽ സജീവമായി നടന്നുവരുന്ന ഖുർആൻ വേദി, ഖുർആനും ഹദീസും ആഴത്തിൽ പഠിക്കാനും ജീവിതത്തിൽ പകർത്താനും സമൂഹത്തിന് കൂടുതൽ അവസരമൊരുക്കുന്ന മഹത്തായ സംരംഭമാണ്. ഈ സ്ഥാപനം യാഥാർഥ്യമാകുന്നതോടെ, ഖുർആനിന്റെ വെളിച്ചവും സന്ദേശവും കൂടുതൽ ഹൃദയങ്ങളിലേക്ക് എത്തിക്കാനും സമൂഹത്തിൽ വിജ്ഞാനത്തിന്റെയും സന്മാർഗത്തിന്റെയും പ്രകാശം പരത്താനും സാധിക്കും.

cre
CONTINUING RELIGIOUS EDUCATION

മദ്റസാ പഠനം പൂർത്തിയാക്കിയ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, ഡിഗ്രി വിദ്യാർത്ഥികൾക്കായി നടന്നുവരുന്ന വിദ്യാഭ്യാസ പദ്ധതി കൂടുതൽ വിപുലമാക്കുകയാണ് ലക്ഷ്യം. പുതിയ സ്ഥാപനത്തിൽ മികച്ച സൗകര്യങ്ങളോടെ ക്ലാസുകൾ സംഘടിപ്പിച്ച്, കൗമാര മനസ്സുകളിലെ സംശയങ്ങൾക്കും ചിന്തകൾക്കും ശരിയായ ദിശാബോധവും ജീവിത മൂല്യങ്ങളും പകർന്നുനൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രീമാരിറ്റൽ കൗൺസിലിംഗ്

വൈവാഹിക ജീവിതത്തിലേക്ക് കടക്കുന്നവർക്ക് ആവശ്യമായ മാർഗനിർദേശങ്ങളും ജീവിതപാഠങ്ങളും.

ഫാമിലി മസ്വ്‌ലഹത്ത്

കുടുംബ ദാമ്പത്യ പ്രശ്നങ്ങൾക്ക് പരിഹാരവും സമാധാനപരമായ ജീവിതത്തിന് ആവശ്യമായ മാർഗനിർദേശങ്ങളും.

പാരന്റിങ് ഗൈഡൻസ്

മക്കളെ സ്നേഹത്തോടും അച്ചടക്കത്തോടും മൂല്യബോധത്തോടും കൂടി വളർത്താൻ രക്ഷിതാക്കൾക്കുള്ള ഫലപ്രദമായ വഴികാട്ടി.

Kerala Zakath Cell

Shelter India

SCHOOL OF Qura'n
READ. LEARN. EVOLVE

bahja
Pre Madrasa

CONTACT No
+91 95625 23761
+91 94000 80566
+91 97479 63769
+91 80783 34283

നേർപഥം വാരിക

peaceradio
Tune to reality

FIROZ CHATTIPPARA

Account Name:
WISDOM ISLAMIC ORGANIZATION
Account Number: **41711167128**
Bank: **SBI NILAMBUR** IFSC **CODE: SBIN0070194**

പണമയക്കുന്നവർ നിർബന്ധമായും
+91 94000 80566 (NASAR KOTOTH)
എന്ന നമ്പറിൽ സ്ക്രീൻഷോട്ട് അയക്കുക